## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.712** **05.06.2018 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ വൈദ്യുതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സൗരോർജ്ജ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വൈദ്യുതി ബോർഡ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകാമോ; | (എ) സംസ്ഥാനത്ത് 23 സൗരോർജ്ജ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. 16 സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം നടന്നു വരുന്നു. വിശദാംശം അനുബന്ധം (1) ഉം (2) ഉം ആയി ചേർത്തിരിക്കുന്നു.<br>2018-19 -ൽ തുടങ്ങുന്ന, മൂന്നു വർഷക്കാലയളവിനുള്ളിൽ 1000 മെഗാവാട്ട് സൗര വൈദ്യുതി സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡ് രൂപകൽപ്പന ചെയ്യുന്നു. ലക്ഷ്യമിട്ടിട്ടുള്ള 1000 മെഗാവാട്ടിൽ 500 മെഗാവാട്ട് പുരപ്പുറം സൗരപദ്ധതികളിൽ നിന്ന് മാത്രം ഉത്പാദിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇത് താഴെ പറയുന്നവണ്ണം പ്രാവർത്തികമാക്കുന്നതാണ്<br><br>ഗാർഹിക-കാർഷിക ഉപഭോക്താക്കൾ — 150 മെഗാവാട്ട്<br>സർക്കാർ കെട്ടിടങ്ങൾ — 100 മെഗാവാട്ട്<br>ഗാർഹികേതര-സർക്കാരിതര കെട്ടിടങ്ങൾ — 250 മെഗാവാട്ട് |
| (ബി) റിവേഴ്സ് ബിഡ്ഡിംഗിലൂടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; എൻ.ടി.പി.സി.യിൽ നിന്നും സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിനുള്ള ഉടമ്പടി ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ എത്ര | (ബി) റിവേഴ്സ് ബിഡ്ഡിംഗിലൂടെ 200 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിനാവശ്യമായ ദർഘാസ് പ്രമാണങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് തയ്യാറാക്കി വരുന്നുണ്ട്. എൻ.റ്റി.പി.സി.-യിൽ നിന്ന് സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിനുള്ള ധാരണാപത്രം |

| | |
|---|---|
| മെഗാവാട്ട് വൈദ്യുതിയാണ് ഇപ്രകാരം വാങ്ങുന്നത് എന്നറിയിക്കാമോ ; | 11.05.2018-ൽ ഒപ്പുവച്ചിട്ടുണ്ട്. അതു പ്രകാരം എൻ.റ്റി.പി.സി.- 15 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതിയാണ് കായംകുളത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) സംസ്ഥാനത്ത് സോളാർ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് അനർട്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽ വേണ്ടത്ര പുരോഗതി കൈവരിക്കാത്തത് എന്തുകൊണ്ടാണ്; ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ (കേരളം ഒഴികെ) ഇക്കാര്യത്തിൽ ബഹുദൂരം മുന്നിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: ഇക്കാര്യത്തിൽ സംസ്ഥാനത്തെ മുൻപന്തിയിൽ എത്തിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ? | (സി) സംസ്ഥാനത്ത് അനെർട്ട് മുഖേനയുള്ള പദ്ധതിയിലൂടെ മാത്രം ശൃംഖലാബന്ധിതമായതും ശൃംഖലാബന്ധിതമല്ലാത്തതുമായ 24 മെഗാവാട്ട് സോളാർ വൈദ്യുത പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>കേരളത്തിൽ സൗരവൈദ്യുത പ്ലാന്റുകൾ ചെലവ് ചുരുക്കി സ്ഥാപിക്കുന്നത് കെട്ടിടങ്ങളുടെ മേൽക്കൂരയിലാണ്. മറ്റ് സംസ്ഥാനങ്ങളിൽ കൃഷിയോഗ്യമല്ലാത്ത പാഴ്ഭൂമി ധാരാളമുള്ളതു കൊണ്ട് യഥേഷ്ടം അവർക്കത് ഉപയോഗിക്കാം. ഒരു മെഗാവാട്ട് സൗരപ്ലാന്റ് സ്ഥാപിക്കുവാൻ 5 ഏക്കർ സ്ഥലം ആവശ്യമാണ്. ഇത് കേരളത്തിന്റെ പരിമിതിയാണ്. ഇത് മറികടക്കുവാൻ ജലാശയങ്ങളുടെ മുകൾപരപ്പിലും കനാലുകളുടെ മുകളിലും ആയി സാധ്യമായ സ്ഥലങ്ങളിൽ വലിയപ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. മൂന്നു വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് സൗരവൈദ്യുതി ഉല്പാദനം എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

അനുബന്ധം I

## കെ.എസ്.ഇ.ബി.എൽ പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 20.08.2015 |
| 2 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 31.08.2015 |
| 3 | പൊരിങ്ങൽകുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 10.09.2015 |
| 4 | ഫ്ലോട്ടിംഗ് സോളാർ - ബാണാസുരസാഗർ റിസർവോയറിൽ | 0.010 | 21.01.2016 |
| 5 | ബാണാസുരസാഗർ റിസർവോയറിൽ പരിസരത്തുള്ള സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ ക്യാനപ്പി | 0.003372 | 21.01.2016 |
| 6 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 1.00 | 08.08.2016 |
| 7 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ | 0.40 | 29.08.2016 |
| 8 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫിസ് പരിസരത്ത് | 1.25 | 05.09.2016 |
| 9 | ജനറേഷൻ റൂഫ് ടോപ്പ് പദ്ധതി 17 എണ്ണം | 0.7 | 07/2017 |
| 10 | പാലക്കാട് 5 ആദിവാസി കോളനി (ഡി.ഡി.ജി) | 0.047 | 30.11.2016 |
| 11 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് | 1.00 | 07.11.2016 |
| 12 | പാലക്കാട് 2 ആദിവാസി കോളനികൾ (ഡി.ഡി.ജി) | 0.018 | 30.11.2016 |
| 13 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് | 3.00 | 17.11.2016 |
| 14 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | 22.04.2017 |

| | | | |
|---|---|---|---|
| 15 | കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 നം) | 0.910 | 02/2018 |
| 16 | കെ.എസ്.ഇ.ബി ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 നം) | 0.46 | 21.12.2017 |
| 17 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിൻെറ മുകളിൽ | 0.03 | 17.05.2017 |
| 18 | മഞ്ചേശ്വരം കാസർഗോഡ് | 0.50 | 30.05.2017 |
| 19 | കുറ്റിപ്പുറം | 0.50 | 28.11.2017 |
| 20 | ബാണാസുരസാഗർ റിസർവൊയർ/ കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.50 | 04.12.2017 |
| 21 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | 15.01.2018 |
| 22 | പോത്തൻകോട് സബ് സ്റ്റേഷൻ പരിസരത്ത് | 2.00 | 02.02.2018 |
| 23 | പീരുമേട്, ഇടുക്കി | 0.50 | 23.04.2018 |
| | **ആകെ** | **15.874372** | |
| 1 | ഓൺ ഗ്രിഡ് കൺസ്യൂമേഴ്സ് | 10.052 | |
| 2 | സിയാൽ | 30 | 11.12.2017 |
| 3 | IREDA | 50 | 14.09.2017 |
| 4 | അനർട്ട് | 2 | 09.12.2016 |
| 5 | ഹിൻഡാൽകോ | 1 | 31.03.2016 |
| | **ആകെ** | **108.926372** | |

സെക്ഷൻ ഓഫീസർ

അനുബന്ധം 2

## നിർമ്മാണം നടക്കുന്ന സൗരോർജ്ജ പദ്ധതികൾ

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം | കരാർ തുക (കോടി) |
|---|---|---|---|---|
| 1 | ഏറ്റുമാനൂർ, കോട്ടയം | 1.00 | Wet land issue | 6.6872 |
| 2 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി (2018-19 പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു) | 9.69 |
| 3 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം ആരംഭിച്ചു (2018-19 പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു) | 3.539052 |
| 4 | ജില്ലാ പഞ്ചായത്ത് കണ്ണൂർ (29 നം) | 0.67 | 2018-19 ൽ പൂർത്തീകരിക്കും | 5.125 |
| 5 | ജില്ലാ പഞ്ചായത്ത് കോഴിക്കോട് (44 നം) | 0.480 | 2018-19 ൽ പൂർത്തീകരിക്കും | 3.3018 |
| 6 | ജില്ലാ പഞ്ചായത്ത് മലപ്പുറം (11 നം) | 0.110 | 2018-19 ൽ പൂർത്തീകരിക്കും | 0.7339 |
| 7 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് (3 നം) | 0.195 | 2018-19 ൽ പൂർത്തീകരിക്കും | 1.38584 |
| 8 | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി (2 നം) | 0.027 | 2018-19 ൽ പൂർത്തീകരിക്കും | 0.15 |
| 9 | സൗത്തിലെ ഗവൺമെന്റ് സ്ഥാപനങ്ങൾ (4 നം) | 0.057 | 2018-19 ൽ പൂർത്തീകരിക്കും | 0.40595 |
| 10 | കൊട്ടിയം, കൊല്ലം | 0.60 | 2018-19 ൽ പൂർത്തീകരിക്കും | 3.75 |
| 11 | മയിലാട്ടി, കാസർഗോഡ് | 1.00 | 2018-19 ൽ പൂർത്തീകരിക്കും | 5.82 |
| 12 | മാടക്കത്തറ ചൂളിശ്ശേരി | 1.5 | 2018-19 ൽ പൂർത്തീകരിക്കും | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 13 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ | 1.12 | 2018-19 ൽ പൂർത്തീകരിക്കും | |

| | | | | |
|---|---|---|---|---|
| 14 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രഭ സ്കീം പ്രകാരം) | 0.04 | 2018-19 ൽ പൂർത്തീകരിക്കും | 31.55 |
| 15 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് (5 നം) – രണ്ടാം ഘട്ടം | 0.335 | 2018-19 ൽ പൂർത്തീകരിക്കും | |
| 16 | മെഡിക്കൽ കോളേജ് തിരുവനന്തപുരം | 1.1 | 2018-19 ൽ പൂർത്തീകരിക്കും | |
| | ആകെ | 10.234 | | |

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | |
|---|---|---|---|
| 1 | റിവേഴ്സ് ബിഡ്ഡിങ്ങിലൂടെ വിവിധയിടങ്ങളിൽ ഉത്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി വാങ്ങുന്ന പദ്ധതി | 200 | ഡോക്യുമെന്റ് പ്രിപ്പയർ ചെയ്ത് തുടർ നടപടികൾക്കായി ചീഫ് എഞ്ചിനീയർ (സി & റ്റി) ഓഫീസിലേയ്ക്ക് കൈമാറിയിട്ടുണ്ട്. |
| 2 | കല്ലട ഫ്ലോട്ടിംഗ് സോളാർ പദ്ധതി | 50 | ഇതിൽ 10 മെഗാവാട്ട് ആദ്യഘട്ടത്തിലും ശേഷമുള്ള 40 മെഗാവാട്ട് വിവിധഘട്ടങ്ങളിലായി നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ